തിനു നൽകുന്നു. 75 ശതമാനം സബ്സിഡി എന്നുള്ളത് കേന്ദ്രഗവൺമെന്റ് 50 ശതമാനമായി കുറച്ചിട്ടുണ്ട്. ഇത്തവണ മുതൽ എം.ഡി.എ. 50 ശതമാനം മാത്രമാണ് റിബേറ്റിനത്തിൽ കൊടുക്കാൻ കഴിയുന്നത്. വിവിധ കൈത്തറി സംഘങ്ങളിൽനിന്നും ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് പ്രോജക്ട് പാക്കേജ് പദ്ധതി കേന്ദ്രത്തിനയയ്ക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചെയർമാൻ ആയി സ്പെഷ്യൽ സെക്രട്ടറിയെ വച്ചിട്ടുണ്ട്. ഒരുപാട് കാര്യങ്ങൾ ഞങ്ങൾ ഈ രംഗത്ത് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ യന്ത്രത്തറികളിൽ നിന്നുള്ള തുണികളുടെ മൽസരവും വിദേശ വിപണിയിൽ നിന്നുള്ള ഉൽപന്നങ്ങളുടെ മൽസരവുമെല്ലാം നേരിട്ടുകൊണ്ടുവേണം നമ്മൾ ഇതിനെ അതിജീവിക്കാനുള്ളത്. പ്രത്യേകിച്ച്, തിരുവനപുരം മേഖലയിൽ പഴയ ട്രഡീഷണൽ ഉൽപന്നങ്ങളാണ് ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽ നിന്നും മാറ്റം വരുത്താൻ കമ്പ്യൂട്ടർ ഡിസൈനിംഗ് ബാലരാമപുരത്ത് തുടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ ഒരുപാടു കാര്യങ്ങൾ കൈത്തറി മേഖലയിൽ ചെയ്തിട്ടുണ്ട്. പ്രതിസന്ധികളുണ്ട്. അതു മുറിച്ചു കടക്കാനുള്ള മാർഗ്ഗങ്ങളും നമ്മളെടുത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : ബഹുമാന്യയായ മന്ത്രി പറഞ്ഞ തിയറി എനിക്കു മനസ്സിലായി. ഞാനൊരു സംഘത്തിന്റെ പ്രസിഡന്റാണ്. പ്രാക്ടിക്കൽ ഫീൽഡിൽ ഈ കാര്യങ്ങൾ നടക്കുന്നില്ല എന്നുള്ള ദുഃഖ സത്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്, ചെയ്യുന്നില്ല എന്നു ഞാൻ പറയുന്നില്ല. അതു ഫലപ്രമായി സമയാസമയങ്ങളിൽ വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? ഓണത്തിനു മുമ്പുതന്നെ എം.ഡി.എ. കുടിശ്ശികയും റിബേറ്റ് കുടിശ്ശികയും സംഘങ്ങൾക്ക് നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇവിടെ പ്രധാന പ്രശ്നം റിബേറ്റ് കുടിശ്ശികയും എം.ഡി.എ. കുടിശ്ശികയുമാണ്. ഇപ്പോൾ കൊടുക്കുന്ന തുക കൂടിയാകുമ്പോൾ 1997-98 വരെയുള്ള എം.ഡി.എ. കൊടുത്തുതീർത്തു. ബാക്കിയുള്ള കുടിശ്ശികയുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇതെല്ലാം കൊടുത്തുകഴിയുമ്പോൾ റിബേറ്റിനത്തിൽ ഏതാണ്ട് 22 കോടി രൂപയുണ്ട്. സമയാസമയം കൊടുക്കണമെങ്കിൽ സാമ്പത്തികസ്ഥിതി വളരെ പ്രധാനമാണ്. 1992 മുതലാണ് കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശികയിട്ടിരുന്നത്. കുടിശ്ശികയടക്കമാണ് ഞങ്ങൾ കൊടുത്തുതീർത്തത്. ഇനിയും വരുന്നത് എത്രയാണെന്നും അത് സാമ്പത്തിക സ്ഥിതിയനുസരിച്ചു മാത്രമേ കൊടുക്കാൻ കഴിയൂ എന്നുമാണ് പറയാനുള്ളത്. അതിനാവശ്യമായ എല്ലാ സമ്മർദ്ദങ്ങളും ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

III. സബ്മിഷൻ

(1) നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നടന്ന അക്രമസംഭവം

<u>ശ്രീ. പാലോട് രവി</u> : നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പരിശോധനാമുറിയിൽ ബുധനാഴ്ച വൈകുന്നേരം കടന്നുകയറിയ ഒരു സംഘം അക്രമികൾ പരിശോധനയിൽ ഏർപ്പെട്ടിരുന്ന ഡോക്ടറേയും മറ്റു മൂന്നുപേരെയും രണ്ട് ജീവനക്കാരെയും ക്രൂരമായി മർദ്ദിച്ചു. ഡോക്ടർക്ക് തല്ലു കിട്ടിയില്ല, ഡോക്ടർ മാറിനിന്നു. സി.ഐ.ടി.യു. ഡി.വൈ.

LIBRARY ARCHIVES Kerala Legislative Assembly

എഫ്.ഐ. പ്രവർത്തകരാണ് ഡ്യൂട്ടി ഡോക്ടറുടെ മുറിയിൽ കടന്ന് അക്രമം നടത്തിയതെന്ന് ആശുപത്രി അധികൃതരും പരിക്കേറ്റവരും പോലീസിന് മൊഴി നൽകിയിട്ടുണ്ട്. മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി അടക്കമുള്ള പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും ആരാണ് അവിടെ കയറി അക്രമം കാണിച്ചതെന്നുള്ളതിനെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവനക്കാർ ഇന്നലെ മൂന്നര മണി മുതൽ പണിമുടക്കിലാണ്. അതിനു കാരണമുണ്ട്. രണ്ടായിരം രോഗികൾ വരെ വന്നുപോകുന്ന, ഈ ജില്ലയിലെ ഏറ്റവും വലിയ താലൂക്കാശുപത്രിയാണിത്. ഈ ആശുപത്രിക്ക് വളരെ അകലെ ബഹുമാന്യനായ ജി. കാർത്തികേയന്റെ നിയോജകമണ്ഡലത്തിൽ ഒരു തൊഴിൽതർക്കം നടന്നു. ആ തൊഴിൽത്തർക്കത്തെത്തുടർന്ന് ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ ഷജീറിന് മർദ്ദനമേറ്റ് ആ ആശുപത്രിയിൽ കൊണ്ടുവന്നു. അയാളെ ഡോക്ടർ പരിശോധിക്കുകയും അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ഷജീറിനെ മർദ്ദിച്ചു എന്നറിഞ്ഞുകൊണ്ട് അവിടെ വീണ്ടും ബഹളമുണ്ടായി. മൂന്നു നാല് ഐ.എൻ.ടി.യു.സി. പ്രവർത്തകരെയും മർദ്ദിച്ചു. മർദ്ദനമേറ്റ ഐ.എൻ.ടി.യു.സി. പ്രവർത്തകരെയും ഈ ആശുപത്രിയിൽ കൊണ്ടുവന്നു. അവരെ ഡോക്ടറുടെ മുറിയിൽ കയറ്റി ഓരോരുത്തരെയായി പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുസംഘം ആളുകൾ ആശുപത്രിയിൽ തള്ളിക്കയറി ഡോക്ടറെ പിടിച്ചുമാറ്റിയതിനുശേഷം അവർ ഡോക്ടറുടെ മുന്നിൽവച്ച് ഇവരെ ഓരോരുത്തരെയായി ക്രൂരമായി തല്ലി. ഡോക്ടർ പരിശോധിക്കുന്ന മുറിക്ക് ഷട്ടറുണ്ട്. ഉടനെ ഡോക്ടർ അറ്റൻഡർമാരോട് ഈ ഷട്ടറിടാൻ പറഞ്ഞു. അവിടെ വികലാംഗയായ രാധമ്മ എന്നു പറയുന്ന ഒരു വനിതാ അറ്റൻഡറും വസുന്ധര എന്നു പറയുന്ന മറ്റൊരു അറ്റൻഡറും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വികലാംഗയായ അറ്റൻഡർ ഡോക്ടർ പറഞ്ഞതനുസരിച്ച് ഷട്ടർ പിടിച്ചിട്ടു. ഉടനെതന്നെ ഈ രണ്ട് അറ്റൻഡർമാരേയും തല്ലി. വികലാംഗയായ രാധമ്മ എന്ന അറ്റൻഡറും വസുന്ധര എന്ന അറ്റൻഡറും ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിലാണ്. രണ്ടുപേരുടെ ശരീരത്തിലും പാടുകളുണ്ട്. ആശുപത്രിക്കകത്തുകയറി അടിച്ച മൂന്ന് ആളുകൾക്കും മർദ്ദനമേറ്റ പാടുകളുണ്ട്, അവരേയും ഇവിടെ അഡ്മിറ്റു ചെയ്തിട്ടുണ്ട്. ഈ സംഭവത്തെത്തുടർന്ന് ആശുപത്രി ജീവനക്കാർ മൂന്നരമണിക്ക് പണിമുടക്കി. ഡി.വൈ.എസ്.പി. അടക്കമുള്ള ഉദ്യോഗസ്ഥന്മാർ അവിടെ വന്നു. ഇവരുടെ പേരിൽ കേസ്സ് എടുക്കുമെന്നും ഇവരെ ഉടനെ അറസ്റ്റു ചെയ്യുമെന്നും പറഞ്ഞു. ഇന്നയിന്ന ആളുകളാണ് അടിച്ചതെന്ന് ഈ അടികിട്ടിയവർ മൊഴികൊടുത്തു. ഏതാണ്ട് മൂന്നുനാല് മണിക്കൂർ ആശുപത്രിയുടെ പ്രവർത്തനം സ്തംഭിച്ചു. ഞാനവിടെ ചെന്നപ്പോൾ ഡോക്ടർ എന്നോട് പറഞ്ഞത് ഒരു ഹാർട്ട് പേഷ്യന്റിന് ഇ.സി.ജി. നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഈ അക്രമമുണ്ടാകുന്നത്. അയാളെ ഉടനെതന്നെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകാൻ പറഞ്ഞു. രണ്ടായിരത്തോളം രോഗികൾ വരുന്ന ഒരു താലൂക്ക് ആശുപത്രിയിൽ ഇത്രയും മുഷ്ക് കാണിക്കാമോ? ഷജീറിനെ തല്ലിയവർ ആരെങ്കിലുമുണ്ടെങ്കിൽ, അങ്ങ് പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ആളാണ്. അങ്ങേയ്ക്ക് അവിടെനിന്നും ടെലഫോണിൽ ലോക്കൽ കാൾ വിളിച്ച്, അങ്ങയുടെ ഓഫീസിൽ പറഞ്ഞാൽ അവരെ അറസ്റ്റ് ചെയ്യിപ്പിക്കാനുള്ള അവസരമുണ്ടാകും. അത് ചെയ്യാതെ ക്രമസമാധാനവും നിയമപരിപാലനവും കുറെ ആളുകൾ കൈയിലെടുക്കുകയാണ്. മൂന്നുനാല് ആഴ്ചമുമ്പ് അവിടെയിരുന്ന ഡി.വൈ.എസ്.പി.യെ മാറ്റി. അത് സർക്കാരിന്റെ കാര്യമാണ്, ഞാനതിൽ ഇടപെടുന്നില്ല. മാറ്റിയ ഡി.വൈ.എസ്.പി.യെക്കുറിച്ച് അങ്ങ് അന്വേഷിക്കണം. ഇപ്പോൾ ഒരു പുതിയ ഡി.വൈ.എസ്.പി. വന്നു. അതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഞങ്ങളുടെ ആളുവന്നു എന്നു പറഞ്ഞുകൊണ്ട് എന്താണ് അവിടെ നടക്കുന്നത്? ഇന്ന് അങ്ങ് കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങൾ പരിശോധിച്ചാൽ ഏണിക്കരയിൽ ആക്രമണം മൂന്നുപേർക്ക് പരുക്കേറ്റു. നെടുമങ്ങാട് ആശുപത്രിക്കുള്ളിൽ സംഘർഷം 5 പേർക്ക് പരുക്ക് എന്നുതുടങ്ങി വാർത്ത വന്നിരുന്നു. ഇത് ഏറ്റവും ഗുരുതരമായ സാഹചര്യമാണ്. എനിക്ക് അങ്ങയോട് പറയാനുള്ളത് ഈ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അങ്ങയുടെ അനുയായികൾക്ക് അങ്ങയിൽ വിശ്വാസമുണ്ടെങ്കിൽ പോലീസിൽ പരാതിപ്പെട്ട് കുറ്റം ചെയ്തവരുടെ പേരിൽ നടപടിയെടുക്കുന്നതിനുപകരം പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന, ആശുപത്രിയ്ക്കകത്തു കയറി ആക്രമിക്കുന്ന, രോഗികളെ ആക്രമിക്കുന്ന ഈ സംഭവം ഒഴിവാക്കാമായിരുന്നു. ഈ ആക്രമണത്തിനിരയായവർക്ക് അങ്ങയുടെ ദുരിതാശ്വാസനിധിയിൽനിന്നും എന്തെങ്കിലും സഹായംകൂടി നൽകാൻ അങ്ങ് തയ്യാറാകണം. ഇവരെ അറസ്റ്റു ചെയ്യുകയും ഇവരുടെ പേരിൽ മാതൃകാപരമായ നടപടിയുണ്ടാവുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അദ്ദേഹം മൂന്നു പത്രത്തിന്റെ കാര്യമേ പറഞ്ഞുള്ളൂ. ദേശാഭിമാനി പത്രത്തെപ്പറ്റി മിണ്ടിയില്ല. ഇവിടെ നാലു പത്രമുണ്ട്. തങ്ങൾക്കാവശ്യമുള്ളതിനുമാത്രം പത്രമെടുത്താൽ പോരാ. ഈ പത്രത്തിൽ നേരെ വിപരീതമായിട്ടാണ് പറയുന്നത്. തിരുവനന്തപുരം ആര്യനാട് ചാരുംമൂടുള്ള ഒരു ഹാർഡ്‌വെയർ കടയിലേക്ക് കൊണ്ടുവന്ന ഒരു ലോഡ് സിമന്റിറക്കുന്നതു സംബന്ധിച്ച് ഇന്നലെ ഉച്ചയ്ക്ക് ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായി. ലോഡ് ഇറക്കുന്നതുസംബന്ധിച്ച് അംഗീകൃത വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ ലോഡ് ഇറക്കാൻ തുടങ്ങി. ഒരു യൂണിയനിലുംപെടാത്ത മൂന്നുപേരെക്കൂടി ഉൾപ്പെടുത്തി ലോഡിറക്കിയ ഐ.എൻ.ടി.യു.സി. വിഭാഗത്തിന്റെ നടപടിയെ സി.ഐ.ടി.യു. വിഭാഗത്തിനുള്ളിലുള്ളവർ എതിർത്തു. സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറിയും ഡി.വൈ.എഫ്.ഐ. ഉഴമലയ്ക്കൽ ജോയിന്റ് സെക്രട്ടറിയുമായ എസ്. ഷജീറിനെയും കൂടെയുള്ള തൊഴിലാളികളെയും ഐ.എൻ.ടി.യു.സി.ക്കാർ ആക്രമിച്ചു. അക്രമത്തിൽ പരുക്കേറ്റ ഷജീറിനെ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതു സംബന്ധിച്ച് ആര്യനാട് പോലീസ് സ്റ്റേഷനിൽ 164/99-ാം നമ്പരായി ഇന്ത്യൻ ശിക്ഷാനിയമം 341, 323, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെടുമങ്ങാട് താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ ചികിത്സയ്ക്കുവന്ന ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ തമ്മിൽ വാക്കേറ്റവും സംഘട്ടനവും തമ്മിൽത്തല്ലുമുണ്ടായി. ഇതിനിടയിൽ ആശുപത്രിയിലെ ഒരു അറ്റൻഡർ രാധമ്മയ്ക്കും പരുക്കുപറ്റി. ഈ സംഭവത്തിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ക്രൈം 332/99-ാം നമ്പരായി ഒരു കേസ്സ് എടുത്തിട്ടുണ്ട്. ഒരു ലോഡ് സിമന്റ് ഇറക്കുന്നതുസംബന്ധിച്ച് ഇരുവിഭാഗം തൊഴിലാളികൾ തമ്മിലുണ്ടായ തർക്കപ്രശ്നവും സംഘർഷവുമാണിത്. സംഘർഷം ഒഴിവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറ്റം ആരുചെയ്താലും അവർക്കെതിരെ ഊർജ്ജിത നടപടി എടുക്കുന്നതാണ്.

(2) കോതമംഗലം നിയോജക മണ്ഡലത്തിലെ പൈമറ്റം ലക്ഷംവീടു കോളനിയിലെ അബ്ദുൾ ഖാദറിന്റെ ദുരൂഹമരണം

LIBRARY ARCHIVES Kerala Legislative Assembly